TUESDAY 24/03/2026 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/03/2026

1. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന 'CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER' (CAITT) "മട്ടുപ്പാവ് കൃഷി" എന്ന വിഷയത്തിൽ 24/03/2026 തീയതിയിൽ JRA Hall, ജയ് നഗർ, പ്ലാവില (opposite to bharath petroleum), തിരുമല വെച്ച് ഒരു ഏകദിന Field day സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 250/-രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

2. വെള്ളാനിക്കര കാർഷിക സർവ്വകലാശാലയിലെ ഫലവർഗ്ഗ വിഭാഗത്തിന്റെ കീഴിൽ, ആഞ്ഞിലി ചക്കയുടെ (അയനി ചക്ക) ഗുണമേന്മയും വ്യാവസായിക അടിസ്ഥാനത്തിലുള്ള സാധ്യതകളെയും കുറിച്ചുള്ള ഒരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ പുരയിടങ്ങളിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ആഞ്ഞിലി (അയനി) മരങ്ങളുടെ ചക്കയുടെ ഗുണമേന്മ സംബന്ധിച്ചിട്ടുള്ള പഠനമാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പ്രധാനമായും ഉദ്ദേശിക്കുന്നത്. അത്തരം ആഞ്ഞിലി മരങ്ങൾ വളർത്തുന്ന കർഷകർ 9995155346 എന്ന ഫോൺ നമ്പർ / വാട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടുക.

3. എറണാംകുളം ജില്ലയിലെ പെരുമ്പാവൂർ ഒക്കൽ സ്റ്റേറ്റ് സീഡ് ഫാമിൽ വൈക്കോൽ കെട്ട് വിൽപനയ്ക്ക് ലഭ്യമാണ്. ഏകദേശം 20 കിലോഗ്രാം ഉള്ള ഒരു കെട്ടിന് 200രൂപയാണ് വില.

## പരിശീലന പരിപാടി

4. വെള്ളായണി കാർഷിക കോളേജിൽ വെച്ച് കർഷകർക്കും കർഷക കൂട്ടായ്മകൾക്കുമായി പ്രത്യേക മാനേജ്മെന്റ് വികസന പരിപാടി 2026 മാർച്ച് 24 മുതൽ മാർച്ച് 28 വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ സംഘടിപ്പിക്കുന്നു. കർഷക ഉൽപാദക സംഘടനകൾ (FPOs)/കുടുംബശ്രീ അംഗങ്ങൾ/ കർഷക കൂട്ടായ്മകൾ / സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് പങ്കെടുക്കാം. പരിശീലനം പൂർണ്ണമായും സൗജന്യമാണ്. പങ്കെടുന്നവർക്ക് കേന്ദ്ര ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ (MSME) സർട്ടിഫിക്കറ്റ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9778764226 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കാക്കനാട് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം – വി.എഫ്.പി.സി.കെയുടെ ഓഫീസിൽ വച്ച് ഹൈഡ്രോപോണിക്സ്, മൈക്രോഗ്രീൻ എന്ന വിഷയത്തിൽ 25.03.2026 ബുധനാഴ്ച പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർ 9497713882 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. പരിശീലന ഫീസ് 750/– രൂപയാണ്. രാവിലെ 10 മണിമുതൽ 4 മണിവരെയാണ് പരിശീലനം. സർട്ടിഫിക്കറ്റും, ഉച്ചഭക്ഷണവും ഉണ്ടായിരിക്കും.

6. സെന്റർ ഫോർ ഇന്നോവേഷൻ ഇൻ സയൻസ് & സോഷ്യൽ ആക്ഷൻ (CISSA)-യുടെ ആഭിമുഖ്യത്തിൽ പുതുതായി കൂൺ കൃഷി ചെയ്യാൻ താത്പര്യമുള്ളവർക്കായി ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 24.3.2026 ൽ തിരുവനന്തപുരം വെള്ളയമ്പലം ഉദാര ശിരോമണി റോഡിൽ സ്ഥിതി ചെയ്യുന്ന സിസ്സയുടെ ട്രെയിനിങ് ഹാളിൽ നടത്തുന്ന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 8129767116 എന്ന നമ്പറുമായി ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 7. മൃഗസംരക്ഷണ നിർദേശം

അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക. ഫാൻ, ദേഹത്തു തണുത്ത വെള്ളം തൂവുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ്, ഒരു ശതമാനം സോഡിയം ബൈ കാർബോണറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ – സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം